"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3489/2025-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 05-07-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

# പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം-'വിദ്യാധനം' 'എ' കാറ്റഗറി -2025-26 വർഷത്തേയ്ക്ക് ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്:-

സൂചന:-

1. സ.ഉ. (സാധാ) നം.4/2010/സാ.ക്ഷ.വ വകുപ്പ് തീയതി: 04-01-2010
2. സ.ഉ. (സാധാ) നം. 322/2014/സാനീവ തീയതി: 08-05-2014
3. സ.ഉ. (സാധാ) നം.524/2015/ സാനീവ തീയതി: 18-08-2015
4. ഈ കാര്യാലയത്തിലെ 18-06-2019ലെ ഇ1/24251/18/WCD നം. ഉത്തരവ്
5. സ.ഉ(സാ.ധാ) നം. 208/2024/WCDD തീയതി:19/06/2024

വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് സൂചന (1),(2),(3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 'വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം' എന്ന പദ്ധതിയുടെ പേര് 'വിദ്യാധനം' എന്ന് നാമകരണം ചെയ്തു കൊണ്ടും, വിവാഹ മോചിതരായ വനിതകൾ, ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകൾ, ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകൾ, ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകൾ, നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകൾ, എന്നിവരെ ടി പദ്ധതിയിൽ "A" കാറ്റഗറിയിലും, എ.ആർ.ടി തെറാപ്പി ചികിൽസയ്ക്ക് വിധയരാകുന്ന HIV ബാധിതരായ വ്യക്തികളെ "B" കാറ്റഗറിയിലും ഉൾപ്പെടുത്തി, സൂചന (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

സൂചന (4) പ്രകാരം വകുപ്പിന്റെ സ്കീമുകളുടെ നിർവ്വഹണ ചുമതല ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് നൽകി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി 2025-26 വർഷം 'വിദ്യാധനം' 'എ' കാറ്റഗറിയിലേയ്ക്കുള്ള അപേക്ഷകൾ ഓൺലൈൻ വെബ് സൈറ്റ് വഴി ക്ഷണിക്കുന്നതിനുള്ള നടപടി ജില്ലാ വനിത ശിശു വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. BPL (മുൻഗണന) വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് ധനസഹായത്തിന് അർഹതയുള്ളത്.
2. വിവാഹ മോചിതരായ വനിതകൾ, ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് ധന

സഹായത്തിന് അർഹത ഉണ്ടായിരിക്കും.

3. പുനർ വിവാഹം കഴിച്ചവർക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
4. ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.
5. ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകളുടെ മക്കൾക്ക് ധന സഹായത്തിന് അർഹത ഉണ്ടായിരിക്കും. ഇപ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട റവന്യൂ/വില്ലേജ് ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഇതിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സം നിലനിൽക്കുന്നുവെങ്കിൽ ആയത് രേഖാമൂലം വില്ലേജ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയശേഷം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതും ശേഷം അപേക്ഷക ഒരു സത്യവാങ്മൂലം ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറി എന്നിവരുടെ പക്കൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതുമാണ്.
6. ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകളുടെ മക്കൾക്ക് ധന സഹായത്തിന് അർഹതയുണ്ടായിരിക്കും. അപേക്ഷയോടൊപ്പം സർക്കാർ ഡോക്ടറിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് വാങ്ങി അപ് ലോഡ് ചെയ്യേണ്ടതാണ്.
7. നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് ധന സഹായത്തിന് അർഹതയുണ്ടായിരിക്കും. ഇത്തരം അപേക്ഷയോടൊപ്പം അപേക്ഷക പുനർ വിവാഹം ചെയ്തിട്ടില്ലായെന്ന സത്യവാങ്മൂലം അപേക്ഷകയിൽ നിന്നും വാങ്ങേണ്ടതും, ടി വിഷയത്തിൻമേൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ICDS സൂപ്പർവൈസറുടെ സാക്ഷ്യപത്രം കൂടി ശിശു വികസന പദ്ധതി ഓഫീസർ അപ് ലോഡ് ചെയ്യേണ്ടതാണ്.
8. ഒരു കുടുംബത്തിലെ പരമാവധി രണ്ടു കുട്ടികൾക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ.
9. കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്നും ഒരു വിധത്തിലുള്ള സ്കോളർഷിപ്പും ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം വിദ്യാഭ്യാസ മേധാവിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. മറ്റ് സ്കോളർഷിപ്പുകൾ കൈപ്പറ്റുന്നവർ ഈ ധനസഹായത്തിന് അർഹരല്ല.
10. ഒരു സാമ്പത്തിക വർഷം ഒരു ജില്ലയിൽ നിന്നും ഒറ്റത്തവണ മാത്രമേ അപേക്ഷകൾ സ്വീകരിക്കുകയും, ധനസഹായം അനുവദിക്കുകയും ചെയ്യുകയുള്ളൂ. ആകയാൽ അങ്കണവാടി പ്രവർത്തകർ വഴി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി നിശ്ചിത സമയ പരിധിയ്ക്കകം അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർക്ക് ഓൺലൈൻ വെബ് സൈറ്റ് വഴി സമർപ്പിക്കുന്നതിന് സൂപ്പർവൈസർമാർ ശ്രദ്ധിക്കേണ്ടതാണ്.
11. അതത് അങ്കണവാടി ഏരിയയിലുള്ള അർഹരായ, വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നുണ്ടോയെന്ന് അങ്കണവാടി പ്രവർത്തകർ ഉറപ്പ് വരുത്തേണ്ടതും, ടി വിവരം റിവ്യൂ മീറ്റിംഗുകളിൽ ശിശു വികസന പദ്ധതി ഓഫീസർമാർ അങ്കണവാടി പ്രവർത്തകരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, ടി വിഷയത്തിൽ അവർക്ക് കർശന നിർദ്ദേശം നൽകേണ്ടതുമാണ്.
12. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ധനസഹായ തുക അപേക്ഷകയുടെയും കുട്ടിയുടേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.
13. അനുവദിച്ച നല്കുന്ന തുക റദ്ദാക്കാനോ പകരം മറ്റൊരാൾക്ക് അനുവദിക്കുവാനോ പാടില്ല.
14. അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യുന്ന രേഖകളുടെ ആധികാരികത ശിശു വികസന പദ്ധതി ഓഫീസർ ഉറപ്പ് വരുത്തിയ ശേഷം മാത്രമേ ശുപാർശ ചെയ്ത് ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് ഓൺലൈനായി സമർപ്പിക്കുവാൻ പാടുള്ളൂ.
15. സംസ്ഥാന സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം നല്കേണ്ടത്. സ്വകാര്യ സ്ഥാപനങ്ങളിലോ മറ്റ് അൺ എയ്ഡഡ്

വിദ്യാലയങ്ങളിലോ, മറ്റ് സംസ്ഥാനങ്ങളിലെ വിദ്യാലയങ്ങളിലോ ട്യൂഷൻ സെന്ററുകളിലോ പഠിക്കുന്നവർ ധനസഹായത്തിന് അർഹരല്ല.

16. അപേക്ഷകൾ ഓൺലൈൻ വെബ് സൈറ്റ് വഴി ശിശു വികസന പദ്ധതി ഓഫീസർമാർ സ്വീകരിക്കേണ്ടതും, അന്വേഷണം നടത്തി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തി ഓൺ ലൈനായി സാക്ഷ്യപ്പെടുത്തല് വരുത്തിയശേഷം കാറ്റഗറി തിരിച്ച് രജിസ്റ്ററില് രേഖപ്പെടുത്തിയശേഷം മാത്രമേ അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് ഓൺലൈനായി നൽകുവാൻ പാടുള്ളൂ. മാനദണ്ഡങ്ങൾ പാലിക്കാതെ അനർഹരായിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി ശുപാർശ ചെയ്യുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസറുടെ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കും
17. ശിശു വികസന പദ്ധതി ഓഫീസര് ശുപാർശ ചെയ്ത് ഓൺലൈനായി നൽകുന്ന അപേക്ഷകൾ ജില്ലാ ഓഫീസർമാർ യഥാസമയം പരിശോധിച്ച് മാനദണ്ഡ പ്രകാരമാണോയെന്ന് ഉറപ്പാക്കേണ്ടതും അർഹതയുള്ള അപേക്ഷ കൾ കാറ്റഗറി തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഒരോ കാറ്റഗറിയും പ്രത്യേകം രജിസ്റ്റർ ഒരു സാമ്പത്തിക വർഷത്തേയ്ക്ക് എന്ന ക്രമത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ് .
18. ലഭിക്കുന്ന അപേക്ഷകളില് അപാകതയുള്ളവ പരിഹരിക്കുവാൻ യഥാസമയം സി.ഡി.പി.ഒ യ്ക്ക് തിരികെ നൽകേണ്ടതും, സി.ഡി.പി.ഒ സമയബന്ധിതമായി അപാകത പരിഹരിച്ച് ലഭ്യമാക്കുന്നുണ്ടോയെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഉറപ്പ് വരുത്തേണ്ടതുമാണ്. സി.ഡി.പി.ഒ മാരുടെ പ്രതിമാസ അവലോകന മീറ്റിംഗിൽ ടി വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തേണ്ടതും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യേണ്ടതുമാണ്.
19. ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാരും പത്ര-ദൃശ്യമാധ്യമങ്ങൾ വഴി അറിയിപ്പ് നൽകേണ്ടതാണ്.
20. ധന സഹായത്തിനുള്ള അപേക്ഷകളും, അനുബന്ധ രജിസ്റ്ററുകളും ആഡിറ്റിന് ആവശ്യപ്പെടുമ്പോൾ ഹാജരാക്കുവാൻ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരും/ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും ബാധ്യസ്ഥരാണ്.

<u>**അപേക്ഷിക്കേണ്ട വിധം**</u>

7. www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക
8. പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്. യൂസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് 2025-26 വർഷത്തിലെ വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള ആദ്യ ഘട്ട അപേക്ഷകൾ 10/08/2025 വരെ ശിശു വികസന പദ്ധതി ഓഫീസർ ഓൺലൈനായി സ്വീകരിക്കേണ്ടതും, ടി അപേക്ഷകൾ പരിശോധിച്ച് 15/08/2025 നകം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് ഓൺലൈനായി നൽകേണ്ടതാണ്. തുടർന്ന്

ലഭിക്കുന്ന അപേക്ഷകൾ, അതത് മാസാവസാനം കാലതാമസം വരുത്താതെ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം 15/08/2025 ന് അകം ലഭിച്ചിട്ടുള്ള അപേക്ഷകൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർ പരിശോധിച്ച് ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ളവ മാത്രം കൃത്യമായി കാറ്റഗറി തിരിച്ച് ലിസ്റ്റും ആവശ്യമായ ഫണ്ടിന്റെ വിശദാംശവും സഹിതം 20/08/2025 ന് അകം വനിത ശിശു വികസന ഡയറക്ടറോട് അലോട്മെന്റിനായി ആവശ്യപ്പെടേണ്ടതും, തുടർന്ന് ലഭിക്കുന്ന അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ നകം ലഭ്യമാക്കുന്ന മുറയ്ക്ക് സമയബന്ധിതമായി അലോട്മെന്റിനായി ആവശ്യപ്പെടേണ്ടതുമാണ്. വിദ്യാധനം പദ്ധതി എ കാറ്റഗറി പ്രകാരമുള്ള അപേക്ഷകൾ 15/12/2025 വരെ സ്വീകരിക്കാവുന്നതാണ്. അപേക്ഷകൾ ഓഫ്‌ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല.

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും.
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1. സൂപ്രണ്ട് ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. സൂപ്രണ്ട് .ഐ.റ്റി.സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. അഡീഷണൽ ഡയറക്ടർ / ജോയിന്റ് ഡയറക്ടർ
5. സ്റ്റോക്ക് ഫയൽ / സ്പെയർ

No.

**<u>വിദ്യാധനം 'എ' കാറ്റഗറി അപേക്ഷയിൽ ഓൺലൈൻ വെബ്സൈറ്റ് വഴി രേഖപ്പെടുത്തേണ്ടവ</u>**

**(അച്ഛനോ അമ്മയോ മരിച്ചുപോയ വിദ്യാർത്ഥികൾ ഒഴികെയുള്ളവർക്ക്)**

| | | |
|---|---|---|
| 1 | അപേക്ഷകയുടെ പേര്, അഡ്രസ്സ്, പിൻ കോഡ്, ഫോൺ നമ്പർ | (മലയാളം)<br>(ഇംഗ്ലീഷ്) |
| | സമീപത്തുള്ള അങ്കണവാടി സെന്റർ നമ്പർ | |
| 2 | വിദ്യാഭ്യാസധന സഹായം ലഭിക്കേണ്ട കുട്ടിയുടെ പേര്, ജനനതീയതി | |
| 3 | പഠിക്കുന്ന ക്ലാസ്, സ്കൂൾ | |
| 4 | സംസ്ഥാന/കേന്ദ്ര സർക്കാരിൽ നിന്നും സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോ? ഉണ്ട്എങ്കിൽ വിശദവിവരം | |
| 5 | മുൻ വർഷം വിദ്യഭ്യാസ ധനസഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ട് എങ്കിൽ വിശദ വിവരം | |
| 6 | അപേക്ഷകയുടെ തൊഴിൽ, വരുമാനം | |
| 7 | അപേക്ഷക ബി.പി.എൽ വിഭാഗത്തിൽ/മുൻഗണനാ വിഭാഗത്തിൽഉൾപ്പെട്ടിട്ടുണ്ടോ (രേഖകൾ ഹാജരാക്കണം) | |
| 8 | ബാങ്ക് അക്കൗണ്ട് നം, ബ്രാഞ്ച്, IFSC കോഡ് | |
| 9 | അപേക്ഷക APL വിഭാഗത്തിൽ ചുവടെപ്പറയുന്ന വിഭാഗത്തിൽപ്പെട്ടയാളാണോ? സാമൂഹിക വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച് ജവാന്റെ വിധവകൾ | |
| 10 | അപേക്ഷകയുടെ ആധാർ നം. | |
| 11 | കുട്ടിയുടെ ആധാർ നം. | |

## <u>അപേക്ഷക അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>

### <u>വിദ്യാഭ്യാസ മേലധികാരിയുടെ ശുപാർശ</u>

.............................................എന്ന കുട്ടി ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ ..........................................
ക്ലാസിൽ പഠിക്കുകയാണെന്നും ടിയാൾ കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും സ്കോളർഷിപ്പോ മറ്റ് വിദ്യാഭ്യാസ ധന സഹായമോ ലഭിക്കുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി:

(സീൽ)

വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ ഒപ്പ്

## <u>ശിശു വികസന പദ്ധതി ഓഫീസർ അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>

### <u>ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ</u>

മേൽ സൂചിപ്പിച്ച അപേക്ഷക ഒരു വനിതാ ഗൃഹനാഥയാണെന്നും BPL (മുൻഗണനാ വിഭാഗം) കുടുംബത്തിൽ/APL/ജവാന്റെ വിധവ/HIV/AIDSബാധിതർ/വിവേചനം അനുഭവിക്കുന്നവർ ആണെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ മേൽ അപേക്ഷ ശുപാർശ ചെയ്യുകൊള്ളുന്നു.

സ്ഥലം:
തീയതി:

(സീൽ)

ശിശു വികസന പദ്ധതി ഓഫീസറുടെ_ഒപ്പ്

## <u>ജില്ലാ വനിത ശിശു വികസന ഓഫീസർ അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>

–

### <u>ജില്ലാ വനിത ശിശു വികസന  ഓഫീസറുടെ ശുപാർശ</u>

വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹയ പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷക അർഹയാണ്. ധനസഹായം ------------------രൂപ അനുവദിക്കാവുന്നതാണ്.

സ്ഥലം:
തീയതി:

(സീൽ)

ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ_ഒപ്പ്

**അപേക്ഷക അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ട രേഖകൾ**

1. അപേക്ഷക BPL (മുൻഗണനാ വിഭാഗം) കുടുംബത്തിൽപ്പെട്ട ആളാണെന്നും APL ആണെങ്കിൽ അർഹതപ്പെട്ട വിഭാഗത്തിൽപ്പെടുന്നവരാണെന്നും തെളിയിക്കുന്ന രേഖകൾ
2. റേഷൻ കാർഡ്, ഇലക്ഷൻ ID.
3. അപേക്ഷകയുടേയും, കുട്ടിയുടേയും ആധാർ കാർഡ്
4. അപേക്ഷക വനിതാ ഗൃഹനാഥ എന്നു തെളിയിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന വിഭാഗ ത്തിൽപ്പെടുന്നതാണെന്ന സർട്ടിഫിക്കറ്റ്

a. ഭർത്താവ് ഉപേക്ഷിച്ചുപോയവർക്ക്, ഭർത്താവ് ഉപേക്ഷിച്ച പോയെന്നും വേറെ വിവാഹം ചെയ്തിട്ടില്ലെന്നും തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
b. വിവാഹ ബെന്ധം വേർപ്പെടുത്തിയവർക്ക് കോടതി ഉത്തരവിന്റെ പകർപ്പ്. കൂടാതെ പുനർ വിവാഹം ചെയ്തിട്ടില്ലെന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
c. ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞതിനാൽ, ഒരു വർഷം കഴിഞ്ഞു വെന്നും, പുനർ വിവഹാം നടത്തിയിട്ടില്ലായെന്നും ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

5. ഭർത്താവിന് നട്ടെല്ലിന് ക്ഷതമോ പക്ഷാഘാതം മൂലമോ ജോലി ചെയ്യുവാൻ കഴിയാത്ത വിധം കിടപ്പിലായിട്ടുണ്ടെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്.
6. നിയമപരമായി വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളെ സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാക്ഷ്യപത്രം (സി.ഡി.പി.ഒ അപ് ലോഡ് ചെയ്യേണ്ടതാണ്)
7. ബാങ്ക് പാസ്സ് ബുക്ക് അക്കൗണ്ട് നമ്പർ വരുന്ന പേജ് (അപേക്ഷകയുടേയും കുട്ടിയുടേയും പേരിലുള്ള ജോയിന്റ് അക്കൗണ്ട്).

"ഭരണഭാഷ-മാതൃഭാഷ"

DWCD/2710/2025-WEC2

വനിതാ-ശിശു
വികസന വകുപ്പ്

വനിത ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 15-05-2025
ഇമെയിൽ : directorate.wcd@kerala.gov.in
ഫോൺ : 0471- 2346508

## പരിപത്രം

വിഷയം: വനിത ശിശുവികസന വകുപ്പ് - 'സഹായഹസ്തം' - സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായപദ്ധതി- 2025-26- വർഷത്തേയ്ക്ക് ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന: 1) സ.ഉ.(സാധാ)നം. 531/2018/സാ.നീ.വ., തീയതി. 11.09.2018
2) സ.ഉ.(സാധാ)നം. 406/2020/സാ.നീ.വ., തീയതി. 18.08.2020

കേരളത്തിൽ വിധവകളാകുന്ന സ്ത്രീകളുടെ എണ്ണം കൂടി വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ചെറുപ്രായത്തിൽ വിധവകളാകേണ്ടി വരുന്ന സ്ത്രീകൾക്ക് അവരുടെ കുട്ടികളുടെ സംരക്ഷണം, വിദ്യാഭ്യാസം എന്നിവയ്ക്ക് പ്രയാസം അനുഭവിക്കേണ്ടി വരുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ വിധവകളായ സ്ത്രീകൾക്ക് നിലവിൽ വിധവ പെൻഷൻ മാത്രമാണ് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000/- രൂപ അനുവദിക്കുന്ന 'സഹായഹസ്തം' എന്ന പദ്ധതി സൂചന പ്രകാരം 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഒരു ജില്ലയിൽ 10 പേർക്കാണ് സഹായം അനുവദിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 55 വയസ്സിൽ താഴെ പ്രായമുള്ള വിധവകളുടെ കുടുംബത്തിന്റെ പുനരധിവാസത്തിനുള്ള പദ്ധതിയാണ് 'സഹായഹസ്തം'
2. ഈ പദ്ധതി കേരള സംസ്ഥാനത്തിന് മുഴുവൻ ബാധകമായിരിക്കും.
3. സംസ്ഥാന ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ച 11.09.2018 തീയതി മുതൽ ഈ പദ്ധതി നിലവിൽ വന്നിട്ടുള്ളതാണ്.
4. തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഒറ്റത്തവണ ഗ്രാന്റായി 30,000/- രൂപ അനുവദിക്കുന്നു.

5. ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റി അംഗീകരിക്കുന്ന ഓരോ ജില്ലയിലേയും 10 പേർക്ക് വീതം ധനസഹായം അനുവദിക്കുന്നു.

ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂവേഷൻ കമ്മിറ്റിയുടെ ഘടന

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പേഴ്സൺ - ചെയർ
2. ജില്ലാ വനിത ശിശു വികസന ഓഫീസർ - കൺവീനർ
3. പ്രോഗ്രാം ഓഫീസർ - മെമ്പർ
4. വിമൺ പ്രൊട്ടക്ഷൻ ഓഫീസർ - മെമ്പർ
5. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ - മെമ്പർ
6. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ - മെമ്പർ
7. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന 2 സന്നദ്ധ പ്രവർത്തകർ (ഒരാൾ വനിത) - മെമ്പർ

അപേക്ഷിക്കേണ്ട വിധം

- www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക
- പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് അപേക്ഷിക്കാവുന്നതാണ്. യുസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

അർഹത മാനദണ്ഡം

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ
2. സംരംഭം ഒറ്റയ്ക്കോ ഗ്രൂപ്പായോ (വനിത കൂട്ടായ്മ, കുടുംബശ്രീ, വിധവ സംഘം etc.) നടത്താവുന്നതാണ്. ഒരു ജില്ലയിൽ നിന്നും പരമാവധി 10 പേർക്ക് ധനസഹായം നൽകുന്നു.
3. കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, വനിത കൂട്ടായ്മകൾ തുടങ്ങിയ ഗ്രൂപ്പുകളിൽ ഉൾപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
4. ഗുണഭോക്താവിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം (BPL/മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് മുൻഗണന നൽകേണ്ടതാണ്)

5. 18 വയസ്സിൽ താഴെയുള്ള കുട്ടികൾ ഉള്ള വിധവകൾക്ക് മുൻഗണന നൽകുന്നതാണ്.
6. ഭിന്നശേഷിക്കാരായ മക്കളുള്ളവർ, പെൺകുട്ടികൾ മാത്രം ഉള്ളവർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.
7. ആശ്വാസകിരണം പെൻഷൻ, വിധവ പെൻഷൻ എന്നിവ ലഭിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.
8. തദ്ദേശസ്വയംഭരണ സ്ഥാപനം വഴിയോ മറ്റ് സർക്കാർതലത്തിലോ സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിച്ചിട്ടുള്ള വിധവകൾ ഈ ആനുകൂല്യത്തിന് അർഹരല്ല.
9. സഹായഹസ്തം പദ്ധതി പ്രകാരം മുൻവർഷം ധനസഹായം ലഭിച്ചവർ അപേക്ഷിക്കുവാൻ പാടുള്ളതല്ല.
10. മുൻവർഷം അപേക്ഷിച്ചിട്ട് ധനസഹായം ലഭിക്കാതിരുന്ന അർഹരായ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകേണ്ടതാണ്.

<u>മറ്റ് നിബന്ധനകൾ</u>

1. ഒറ്റത്തവണ ധനസഹായം കൊണ്ട് തുടങ്ങുന്ന തൊഴിൽ സംരംഭം ചുരുങ്ങിയത് 5 വർഷമെങ്കിലും നടപ്പാക്കിയിരിക്കണം
2. ഏതെങ്കിലും കാരണവശാൽ പദ്ധതി 5 വർഷത്തിന് മുമ്പ് നിർത്തുകയാണെങ്കിലോ അപേക്ഷയിലെ വിവരങ്ങളിൽ എന്തെങ്കിലും അപാകത കണ്ടെത്തുകയാണെങ്കിലോ ധനസഹായം ഉപയോഗിച്ച് വാങ്ങിയ ആസ്തികൾ വകുപ്പ് കണ്ടുകെട്ടി തുടർ നടപടി സ്വീകരിക്കുന്നതാണ്.
3. ഓരോ 6 മാസം കൂടുമ്പോഴും പദ്ധതി സംബന്ധിച്ച റിപ്പോർട്ട് ഗുണഭോക്താവ് ശിശു വികസന പദ്ധതി ഓഫീസർ മുഖേന ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് നൽകേണ്ടതാണ്.
4. ഓരോ 6 മാസം കൂടുമ്പോഴും ജില്ലാ വനിത ശിശു വികസന ഓഫീസർ പദ്ധതി നിർവ്വഹണം വിലയിരുത്തേണ്ടതും ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കളെയും സംബന്ധിച്ച റിപ്പോർട്ട് വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.
5. ശിശു വികസന പദ്ധതി ഓഫീസർ ശുപാർശ ചെയ്ത് ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർ യഥാസമയം പരിശോധിച്ച് മാനദണ്ഡപ്രകാരമാണോയെന്ന് ഉറപ്പാക്കേണ്ടതും അർഹതയുള്ള അപേക്ഷകരുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.
6. ലഭിക്കുന്ന അപേക്ഷകളിൽ അപാകതയുള്ളവ പരിഹരിക്കുവാൻ യഥാസമയം സി.ഡി.പി.ഒ യ്ക്ക് തിരികെ നൽകേണ്ടതും, സി.ഡി.പി.ഒ സമയബന്ധിതമായി അപാകത പരിഹരിച്ച് ലഭ്യമാക്കുന്നുണ്ടോയെന്ന് ജില്ലാ വനിത ശിശു വികസന ഓഫീസർ ഉറപ്പ് വരുത്തേണ്ടതുമാണ്. സി.ഡി.പി.ഒ മാരുടെ പ്രതിമാസ അവലോകന മീറ്റിംഗിൽ ടി വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തേണ്ടതും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യേണ്ടതുമാണ്.
7. ധന സഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേനയും,

അങ്കണവാടി പ്രവർത്തകർ മുഖേനയും വ്യാപക പരസ്യ പ്രചാരണം നടത്തേണ്ടതാണ്.

8. ധന സഹായത്തിനുള്ള അപേക്ഷകളും, അനുബന്ധ രജിസ്റ്ററുകളും ആഡിറ്റിന് ആവശ്യപ്പെടുമ്പോൾ ഹാജരാക്കുവാൻ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരും/ ജില്ലാ വനിത ശിശു വികസന ഓഫീസർമാരും ബാധ്യസ്ഥരാണ്.
9. അപേക്ഷകർ സ്വയം തൊഴിൽ സംരംഭത്തിന്റെ വിശദവിവരം ബഡ്ജറ്റ് സഹിതം അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്. ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുമായി ജില്ലാ വനിത ശിശു വികസന ഓഫീസർമാർ എഗ്രിമെന്റ് വച്ചതിനുശേഷം ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.
10. സഹായഹസ്തം പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ ഓൺലൈൻ വെബ്സൈറ്റ് വഴി മാത്രം **2025** ഒക്ടോബർ **1** വരെ സ്വീകരിക്കേണ്ടതാണ്. അപേക്ഷകൾ ഓഫ്ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല.
11. ലഭ്യമായ അപേക്ഷകളിൻമേൽ അന്വേഷണം നടത്തി ഓരോ ഐസിഡിഎസിൽ നിന്നും ഏറ്റവും അർഹമായ രണ്ട് അപേക്ഷകൾ അനുബന്ധ രേഖകൾ ഉൾപ്പെടെ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് ഓൺലൈൻ ആയി **2025** ഒക്ടോബർ **15** നകം നൽകേണ്ടതാണ്.
12. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ **10** ഗുണഭോക്താക്കളെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ വനിത ശിശു വികസന ഓഫീസർ കൺവീനറുമായ ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റിയിൽ വച്ച് തെരഞ്ഞെടുക്കേണ്ടതാണ്.
13. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ ജില്ലാ വനിത ശിശു വികസന ഓഫീസർമാർ **2025** നവംബർ **1** ന് മുൻപ് പൂർത്തീകരിക്കേണ്ടതാണ്.
14. ഇപ്രകാരം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഇതോടൊപ്പം ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം **2025** നവംബർ **15** ന് മുൻപ് അലോട്ട്മെന്റിനായി വനിത ശിശു വികസന ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

Sd/- വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ

2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

"ഭരണഭാഷ-മാതൃഭാഷ"

DWCD/2686/2025-WEC2

വനിതാ-ശിശു
വികസന വകുപ്പ്

വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 15-05-2025
ഇമെയിൽ : directorate.wcd@kerala.gov.in
ഫോൺ : 0471-2346508

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - വിധവാ പുനർവിവാഹ ധനസഹായം 'മംഗല്യ പദ്ധതി' 2025-26- വർഷത്തേയ്ക്ക് ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷകൾ ക്ഷണിക്കുന്നത്

സൂചന: 1) സ.ഉ(സാധാ)നം.472/സാക്ഷേവ. തീയതി: 12/11/2018
2) ഈ കാര്യാലയത്തിലെ 18/6/2019 ലെ ഇ1/24251/WCD നമ്പർ ഉത്തരവ്.

3) 01/02/2025 ലെ സ.ഉ(സാധാ) നം. 49/2025/WCDD

സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് മംഗല്യ. വനിത ശിശു വികസന വകുപ്പ് മുഖേനെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിർവ്വഹണ ചുമതല സൂചന (2) പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് നൽകി ഉത്തരവായിട്ടുള്ളതാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ ജില്ലാ വനിത ശിശു വികസന ഓഫീസർമാർ മംഗല്യ പദ്ധതി പ്രകാരം ജില്ലാ തലത്തിൽ ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷക ബി.പി.എൽ/മുൻഗണനാ വിഭാഗത്തിൽപെട്ടതായിരി ക്കണം.
2. ഭർത്താവിന്റെ മരണം മൂലം വിധവയാവുകയും, നിയമ പ്രകാരം വിവാഹ ബന്ധം വേർപെടുത്തിയത് നിമിത്തം വിധവയ്ക്ക് സമാനമായി തീർന്നിട്ടുള്ള കുടുംബങ്ങളിൽപ്പെട്ട വനിതകളുമാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്.

3. പുനർവിവാഹം ബന്ധപ്പെട്ട വിവാഹ രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
4. വർഷത്തിൽ എല്ലാ സമയവും മംഗല്യ പദ്ധതി പ്രകാരം വകുപ്പിന്റെ വെബ് സൈറ്റിലൂടെ അപേക്ഷിക്കാവുന്നതാണ്. പുനർവിവാഹം നടന്ന് 6 മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.
5. 18 നും 50 നും മദ്ധ്യേ പ്രായമുള്ള വിധവകളുടെ പുനർവിവാഹ ത്തി നാണ് ധനസഹായം അനുവദിക്കുന്നത്.
6. ധനസഹായത്തിനുള്ള അപേക്ഷകൾ താഴെപ്പറയുന്ന രേഖകൾ സഹിതം ഓൺലൈനായി ശിശുവികസന പദ്ധതി ഓഫീസർ മുഖേന ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് നൽകേണ്ടതാണ്.

a. ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.
b. വിവാഹ ബന്ധം വേർപെടുത്തിയത് സംബന്ധിച്ച് കോടതി ഉത്തരവ്/മഹല്ല് കമ്മിറ്റി നൽകുന്ന സർട്ടിഫിക്കറ്റ്.
c. ബി.പി.എൽ/മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടത് സംബന്ധിച്ച രേഖ (റേഷൻ കാർഡിന്റെ കോപ്പി) സാക്ഷ്യപ്പെടുത്തിയത്.
d. അപേക്ഷകയുടെ ആധാർ കാർഡിന്റെ പകർപ്പ്
e. അപേക്ഷകയുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്.
f. പുനർവിവാഹം രജിസ്റ്റർ ചെയ്തത് സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്)

7. ഓൺലൈനായി ലഭ്യമായ അപേക്ഷകൾ ശിശുവികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് ധനസഹായത്തിന് അർഹതയുള്ളതാണെന്ന് ഉറപ്പ് വരുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് ഓൺലൈനായി നൽകുവാൻ പാടുള്ളൂ. മാനദണ്ഡങ്ങൾ പാലിക്കാതെ അനർഹരായിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി ശുപാർശ ചെയ്യുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസറുടെ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കും.
8. ശിശു വികസന പദ്ധതി ഓഫീസർ ശുപാർശ ചെയ്ത് ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ജില്ലാ വനിത ശിശുവികസന ഓഫീസർ യഥാസമയം പരിശോധിച്ച് മാനദണ്ഡപ്രകാരമാണോയെന്ന് ഉറപ്പാക്കേണ്ടതും അർഹതയുള്ള അപേക്ഷകരുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

9. ലഭിക്കുന്ന അപേക്ഷകളിൽ അപാകതയുള്ളവ പരിഹരിക്കുവാൻ യഥാസമയം സി.ഡി.പി.ഒയ്ക്ക് തിരികെ നൽകേണ്ടതും, സി.ഡി.പി.ഒ സമയബന്ധിതമായി അപാകത പരിഹരിച്ച് ലഭ്യമാക്കുന്നുണ്ടോ യെ ന് ജില്ലാ വനിത ശിശു വികസന ഓഫീസർ ഉറപ്പ് വരുത്തേ ണ്ട തുമാണ്. സി.ഡി.പി.ഒ മാരുടെ പ്രതിമാസ അവലോകന മീറ്റിംഗിൽ ടി വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തേണ്ടതും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യേണ്ടതുമാണ്.

10. ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും, അങ്കണവാടി പ്രവർത്തകർ മുഖേനയും വ്യാപക പരസ്യ പ്രചരണം നടത്തേണ്ടതാണ്.

<u>അപേക്ഷിക്കേണ്ട വിധം</u>

11. www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

12 പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്. യുസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

മംഗല്യ പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ ഓൺലൈനായി സ്വീകരിക്കേണ്ടതും, ആയത് പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം 2025-26 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ളവയുടെ ലിസ്റ്റും ആവശ്യമായ ഫണ്ടിന്റെ വിശദാംശവും സമയബന്ധിതമായി അതത് മാസങ്ങളിൽ ജില്ലാ വനിത ശിശുവികസന ഓഫീസർമാർ വനിത ശിശുവികസന ഡയറക്ടർക്ക് നൽകേണ്ടതാണ്. അപേക്ഷകൾ ഓഫ്ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല.

**HARITHA V KUMAR**

വനിത ശിശു വികസന ഡയറക്ടർ

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. അഡീഷണൽ ഡയറക്ടർ/ജോയിന്റ് ഡയറക്ടർ
5. സ്റ്റോക്ക് ഫയൽ / സ്പെയർ

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3212/2025-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 06-06-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- ' അഭയകിരണം'പദ്ധതി 2025-26-ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷകൾ ക്ഷണിക്കുന്നത് -സംബന്ധിച്ച്:-

സൂചന:- 1. സ.ഉ (സാധാ) 296/2021/സാനീവ തീയതി 14.05.2021.

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന 'അഭയകിരണം' പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന വിധവകളെ സംരക്ഷിക്കുന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകൾക്ക് അഭയ സ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000/- രൂപ അനുവദിക്കുന്നു. 'അഭയകിരണം' പദ്ധതി പ്രകാരം 2025-26 വർഷത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

## <u>അർഹതാ മാനദണ്ഡവും അപേക്ഷിക്കേണ്ട രീതിയും</u>

1. **<u>അപേക്ഷിക്കേണ്ട വിധം</u>**

- www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.
- പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക.
- പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്.
- യൂസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

2. സംരക്ഷിക്കപ്പെടുന്ന വിധവകൾ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം (വയസ്സ് തെളിയിക്കുന്നതിനായി സ്കൂൾ സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐ.ഡി കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയിലേതെങ്കിലും ഒന്ന് അപ് ലോഡ് ചെയ്യണം)
3. അപേക്ഷകന്റെ ആധാർ കാർഡിന്റെ പകർപ്പ് അപ് ലോഡ് ചെയ്യണം.
4. വിധവയുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ആയത് തെളിയിക്കുന്ന വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങുന്ന സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യണം. മുൻഗണനാ വിഭാഗം/ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. റേഷൻ കാർഡിന്റെ പകർപ്പ് അപ് ലോഡ് ചെയ്യണം.
5. വിധവ സർവ്വീസ് പെൻഷൻ /കുടുംബ പെൻഷൻ എന്നിവ കൈപ്പറ്റുന്നവരാകരുത്.

6. വിധവയ്ക്ക് പ്രായ പൂർത്തിയായ മക്കൾ ഉണ്ടാകാൻ പാടില്ല. (ഭിന്നശേഷിക്കാരായ/മനോരോഗികളായ മക്കൾ ഉള്ളവരെ ടി പദ്ധതിയിലേയ്ക്ക് പരിഗണിയ്ക്കാവുന്നതാണ്)
7. വിധവയെ സംരക്ഷിക്കുന്ന അപേക്ഷകർ ക്ഷേമ പെൻഷനുകളോ വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് ധനസഹായമോ ലഭിക്കുന്നവരായിരിക്കരുത്.
8. ടിയാൻ ബന്ധുവിന്റെ പരിചരണത്തിൽ കഴിയുന്ന വ്യക്തിയാണെന്നും വിധവയാണെന്നും ബന്ധപ്പെട്ട ICDS സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തി അപ് ലോഡ് ചെയ്തിരിക്കണം.
9. താമസിക്കുന്നതിന് സ്വന്തമായി ചുറ്റുപാടോ, സൗകര്യമോ ഉള്ള വിധവകൾ ആയിരിക്കരുത്.
10. ഏതെങ്കിലും സ്ഥാപനത്തിൽ താമസക്കാരിയായി കഴിയുന്ന വിധവകൾ ഈ ധനസഹായത്തിന് അർഹരല്ല.
11. അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ പത്ര ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ മുഖേന അറിയിപ്പ് നൽകേണ്ടതാണ്.
12. മുൻവർഷം ധനസഹായം ലഭിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതാണ്. ഇപ്രകാരമുള്ള അപേക്ഷകളിൽ, സംരക്ഷിക്കപ്പെടുന്ന വിധവ ജീവിച്ചിരിക്കുന്നു എന്ന് ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർ അന്വേഷണം നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.
13. അപേക്ഷകൾ ഓഫ്‌ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല.
14. 2024-25 വർഷം ധനസഹായം അനുവദിച്ചിട്ടുള്ളത് ഫെബ്രുവരി 2025 വരെയാണ്. ഇപ്രകാരം ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ തുടർന്നും ധനസഹായത്തിന് അർഹരാണെങ്കിൽ ഇവർക്ക് 2025 മാർച്ച് മാസം മുതൽ 2026 ഫെബ്രുവരി മാസം വരെയുള്ള 12 മാസത്തെ തുക അനുവദിക്കാവുന്നതാണ്. അവരുടെ അപേക്ഷ പ്രത്യേക ലിസ്റ്റായി ജില്ലാ വനിത ശിശു വികസന ഓഫീസർമാർ സമർപ്പിക്കേണ്ടതാണ്.
15. ഈ സാമ്പത്തിക വർഷം പുതുതായി അപേക്ഷിക്കുന്നവരിൽ അർഹരായവർക്ക് അപേക്ഷ സമർപ്പിച്ച മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ 2026 ഫെബ്രുവരി വരെയുള്ള തുക അനുവദിക്കാവുന്നതാണ്.
16. ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകളിൽ അപാകതയുള്ളവ പരിഹരിക്കുവാൻ യഥാസമയം സി.ഡി.പി.ഒ യ്ക്ക് തിരികെ നൽകേണ്ടതും, സി.ഡി.പി.ഒ സമയബന്ധിതമായി അപാകത പരിഹരിച്ച് ലഭ്യമാക്കുന്നുണ്ടോയെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഉറപ്പ് വരുത്തേണ്ടതുമാണ്. സി.ഡി.പി.ഒ മാരുടെ പ്രതിമാസ അവലോകന മീറ്റിംഗിൽ ടി വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തേണ്ടതും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യേണ്ടതുമാണ്.
17. ഓൺലൈനായി ലഭ്യമായ അപേക്ഷകൾ 15/12/2025 വരെ ശിശുവികസന പദ്ധതി ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി മാനദണ്ഡ പ്രകാരം ധനസഹായത്തിന് അർഹരാണെന്ന് ICDS സൂപ്പർവൈസർ ഉറപ്പ് വരുത്തേണ്ടതും ഓരോ മാസവും ലഭിക്കുന്ന അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി തൊട്ടടുത്ത മാസം ആദ്യ വാരത്തിൽ തന്നെ ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശയോടെ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് ഓൺലൈനായി നൽകേണ്ടതാണ്.
18. ശിശു വികസന പദ്ധതി ഓഫീസർ ശുപാർശ ചെയ്ത് ഓൺലൈനായി ലഭ്യമാക്കുന്ന

അപേക്ഷകൾ ജില്ലാ വനിതാ ശിശുവികസന ഓഫീസർ യഥാസമയം പരിശോധിച്ച് മാനദണ്ഡപ്രകാരമാണോയെന്ന് ഉറപ്പാക്കി, വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, ധനസഹായത്തിന് അർഹയുള്ളവരുടെ ലിസ്റ്റും ആവശ്യമായ ഫണ്ടിന്റെ വിശദാംശവും നിശ്ചിത പ്രൊഫോർമയിൽ ഉൾപ്പെടുത്തി അതത് മാസാവസാനം വനിതാ ശിശുവികസന ഡയറക്ടർക്ക് നൽകേണ്ടതുമാണ്. 15/01/2026 ന് മുമ്പ് തന്നെ അർഹതപ്പെട്ട എല്ലാ അപേക്ഷകർക്കും ആവശ്യമായ തുകയ്ക്കുള്ള അലോട്ട്മെന്റിനായി ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

19. മാനദണ്ഡങ്ങൾ പാലിക്കാതെ അനർഹരായിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി ശുപാർശ ചെയ്യുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ജീവനക്കാരുടെ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കും.

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

വനിത ശിശു വികസന ഡയറക്ടർ

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ